ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ




**ഗൗതം പി.വി.**

Published: 10 september 2024 കവിത

# ഇന്ന്

' ഇന്ന് '

ഒരു എഞ്ചിനീയർ.

ഇന്നലെ മുതൽ നാളെ വരെയെത്തുന്ന

ഒരു പാലം

അയാൾ പണിയുന്നുണ്ട്.

ദുരന്തഗർത്തങ്ങളിൽ വീഴാതെ

നമുക്ക് മുന്നോട്ട് പോകാൻ...

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

' ഇന്ന് '

ഒരു കടത്തുവഞ്ചിക്കാരൻ.

സമയജലത്തിലൂടെ,

വിധിക്കയത്തിൽ മുങ്ങാതെ,

കണ്ണീർത്തിരയിൽപ്പെടാതെ,

അക്കരയ്ക്കെത്തണം.

' ഇന്ന് '

ഒരു തളിരില.

ഭാവിയിലേക്കുള്ള പ്രയാണത്തിൽ

തളർന്നുപോയ ഉറുമ്പിനെ

കരയ്ക്കടുപ്പിക്കും.

' ഇന്ന് '

ഒരു ഇറവെള്ളം.

ഇന്നലെ പെയ്ത മഴയെ

നാളേക്കും കരുതിവെക്കും.

' ഇന്ന് '

ഒരു കനൽ.

നാളേക്കുള്ള വെളിച്ചം

അണയാതിരിക്കും.

ജ്ഞാനഭാഷ
മൾട്ടി ഡിസിപ്ലിനറി
പിയർ റിവ്യൂഡ് ഓൺലൈൻ ജേർണൽ

അസ്തമയത്തിനും ഉദയത്തിനും
ഇടയിലുള്ള രാത്രിയാണ് ' ഇന്ന് '.
ഇന്നിലൂടെ ഞാൻ നടക്കുന്നു.
കടലിനപ്പുറത്തെ
ഉദയം കാണാൻ...

---

ഗൗതം പി.വി.

ബിരുദ വിദ്യാർഥി, മലയാള വിഭാഗം, എസ്സ്.എൻ .ജി .എസ്സ്. കോളേജ്, പട്ടാമ്പി